**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ വായ്പയും മുൻകൂറും- 2018 ഏപ്രിൽ മാസത്തിലെ തിരിച്ചടവ് മാറ്റി വയ്ക്കുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ.(കൈ)നം.145/2018/ധന** **തിരുവനന്തപുരം, തീയതി 18/04/2018**

പരാമർശം:- 17/04/2017-ലെ സ.ഉ.(എം.എസ്)നം.230/2017/ധന.

---

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവ്വീസിലുള്ള എല്ലാ ക്ലാസ് IV, കണ്ടിജന്റ്, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെയും ശമ്പളത്തിൽ നിന്നും സർക്കാരിലേയ്ക്കുള്ള വായ്പയുടെയും മുൻകൂറിന്റെയും മുതലിനത്തിലുള്ളതും പലിശയിനത്തിലുള്ളതുമായ 2018 ഏപ്രിൽ മാസത്തിലെ തിരിച്ചടവ് മാറ്റി വയ്ക്കുവാൻ ഉത്തരവാകുന്നു. മാറ്റി വയ്ക്കപ്പെട്ട ഗഡുക്കളുടെ തിരിച്ചടവ് 5 തുല്യ ഗഡുക്കളായി ടി ഉദ്യോഗസ്ഥരുടെ ജൂലൈ 2018 മുതൽ നവംബർ 2018 വരെയുള്ള മാസങ്ങളിലെ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

2) ഇപ്രകാരം മാറ്റി വയ്ക്കപ്പെട്ട തിരിച്ചടവ് തുക മേൽ സൂചിപ്പിച്ച 5 തവണകളായി തിരിച്ചടയ്ക്കുന്നതിനു വീഴ്ച വരുത്തുന്ന പക്ഷം ടി തുക ഒറ്റ തവണയായി KFC Article 244(D)-ൽ നിഷ്കർഷിക്കും പ്രകാരം പിഴ പലിശയോടുകൂടി ഈടാക്കാവുന്നതാണ്. ഇപ്രകാരം തിരിച്ചടവിന് വീഴ്ച വരുത്തുന്ന ജീവനക്കാരുടെ ശമ്പള ബില്ലുകൾ ട്രഷറി ഓഫീസർ അംഗീകരിക്കേണ്ടതില്ല എന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ഇതേ അവസ്ഥയിലും ഇതേ സ്കെയിലിലും ശമ്പളം വാങ്ങുന്ന എല്ലാ എയിഡഡ് സ്കൂളിലേയും പ്രൈവറ്റ് കോളേജിലേയും ജീവനക്കാർക്കും ബാധകമാകുന്നതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്**
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ്/ ആഫീസ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും സെക്ഷനുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
രജിസ്ട്രാർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ
രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ

നിയമസഭാ സ്പീക്കറുടെ പ്രിൻസിപ്പൽ സെക്രട്ടറി

മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി

ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ലോകായുക്ത.

ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

കരുതൽ കോപ്പി/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ